

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

## 5. ലക്ഷ്യങ്ങളും മാർഗങ്ങളും

## സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

5 ലക്ഷ്യങ്ങളും മാർഗങ്ങളും . . . . . . . . . . . . . . . . . . 1

# 5

# ലക്ഷ്യങ്ങളും മാർഗങ്ങളും

മനുഷ്യനെ അവന്റെ മൂർത്തമായ അവസ്ഥയിൽ വീക്ഷിക്കണം. ഒരു വ്യക്തി എന്ന നിലയ്ക്ക് മാത്രമല്ല, ഒരു സാമൂഹ്യ വിഭാഗത്തിലെയോ കുടുംബത്തിലെയോ, കുലത്തിലെയോ, വർഗ്ഗത്തിലെയോ അംഗമെന്ന നിലയിലും ചരിത്രപരവും സാമൂഹ്യവുമായ ഒരു പ്രതിഭാസമായിട്ടും കൂടി മനുഷ്യനെ വീക്ഷിക്കണം. മനുഷ്യൻ ജീവിക്കുകയും, പ്രയത്നിക്കുകയും, ആവശ്യങ്ങൾ നിറവേറ്റുകയും സ്വപ്രതീക്ഷകൾ സഫലീകരിക്കുകയും മാനുഷികമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നത് സ്വയം പരിണമിക്കുന്നതിൽ കൂടിയല്ല, ശൂന്യതയിലുമല്ല, സാമൂഹ്യവും ചരിത്രപരവുമായുള്ള ബന്ധങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടാണ്. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലും തൊഴിലിന്റെ വിഭജനത്തിലും വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ തമ്മിലുള്ള സാമ്പത്തികവും സാമൂഹ്യവുമായ ബന്ധങ്ങളിലും അധിഷ്ഠിതമായ വിവിധരീതിയിലുള്ള പരസ്പരബന്ധങ്ങളും സഹകരണവും ഉൾക്കൊള്ളുന്നതാണ് സാമൂഹ്യജീവിതം. പ്രാചീന ആരാധനാ പ്രതീകങ്ങൾ (totems) മതപരമായ വിലക്കുകൾ (taboo) മതം, ഭാഷ, കുലം, സംസ്കാരം തുടങ്ങിയ മനഃശാസ്ത്രപരവും വൈകാരികവും ആയ വസ്തുതകളുടെ സങ്കീർണ്ണാവസ്ഥയും മനുഷ്യജീവിതം ഉൾക്കൊള്ളുന്ന വിവിധരീതിയിലുള്ള ആചാരങ്ങളും നിയമങ്ങളും സാമൂഹ്യരാഷ്ട്രീയ സംഘടനകളും, മതങ്ങളും, മതവിശ്വാസങ്ങളും, ധർമ്മസംഹിതകളും ഒരു വ്യക്തിയെ നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുമായി ബന്ധിക്കുന്നു. കൂട്ടുജീവിതവും സാമൂഹ്യബന്ധങ്ങളും മനുഷ്യന്റെ പ്രാകൃതവാസനകളെ മറ്റു മനുഷ്യരുമായുള്ള അവന്റെ ബന്ധത്തിൽ പ്രതിഫലിച്ചു കാണുന്ന മനുഷ്യസ്വഭാവമായി പരിവർത്തനം ചെയ്യുന്നു. ജന്തുക്കളുടെ പറ്റങ്ങൾക്ക് ഒരിക്കലും ഉണ്ടാകാത്ത പുതിയ ആവശ്യങ്ങൾ ഈ സാമൂഹ്യജീവിത പ്രക്രിയ മനുഷ്യസമൂഹത്തിനു അനിവാര്യമാക്കിത്തീർക്കുന്നു. അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, കാമം മുതലായവ മാത്രമല്ല, മനുഷ്യനു വൈകാരികവും, ആത്മീയവുമായ ആവശ്യങ്ങളുമുണ്ട്. സഹകരണം, സഹായം, സഹാനുഭൂതി, സ്നേഹം, സുഹൃദ്ബന്ധം, കലയും സംസ്കാരവും, മനുഷ്യന്റേതായ സവിശേഷ ഗുണങ്ങളും കഴിവുകളും വികസിപ്പിക്കുവാനുള്ള നിരങ്കുശമായ സൗകര്യം തുടങ്ങി ജന്തുവാസനകളിൽ നിന്നു തികച്ചും വ്യത്യസ്തങ്ങളായ ആവശ്യങ്ങളാണ് അവ. ഇങ്ങനെയുള്ള മാനുഷികമായ ആവശ്യങ്ങളിൽ നിന്നും: അവ നേടിയെടുക്കാനുള്ള മാർഗ്ഗങ്ങളിൽ നിന്നുമാണ് ധാർമ്മികമൂല്യങ്ങൾ ഉരുത്തിരിയുന്നത്.

സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യന് തന്റെ പെരുമാറ്റം, മനോഭാവം, പ്രവർത്തികൾ മുതലായവ മറ്റു മനുഷ്യരെ എങ്ങനെ ബാധിക്കുന്നു എന്നും അവ സമൂഹം അംഗീകരിക്കുന്നുവോ ഇല്ലയോ എന്നും കണക്കിലെടുക്കേണ്ടതുണ്ട്. സാമൂഹികാംഗീകാരം അവനു ഉത്തേജകമാവുകയും സാമൂഹ്യനിരാകരണം അവനിൽ അപമാനവും പശ്ചാത്താപവും വളർത്തുകയും ചെയ്യുന്നു. അന്തസ് ആത്മാഭിമാനം കർത്തവ്യബോധവും പരസ്പരസഹായം മുതലായവ മനുഷ്യസ്വഭാവത്തിന്റെ വളരെ ശക്തിയായ പ്രേരകമായി മാറുന്നു. നന്മയും, തിന്മയും, ശരിയും, തെറ്റും, നീതിയും അനീതിയും തുടങ്ങിയ പൊതുസങ്കൽപങ്ങളിൽ അവ പ്രകടമാകുന്നു. സമൂഹത്തിനു ഇണക്കവും കെട്ടുറപ്പും സ്ഥായീഭാവവും ആവശ്യമാണ്. ഈ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ പങ്കുവഹിക്കുന്നതെന്തും നന്മയായി കരുതപ്പെടുന്നു. അവ തടസ്സപ്പെടുത്തുന്നതെന്തും തെറ്റും അസാന്മാർഗികവും ആണെന്നു കണക്കാക്കുന്നു.

ധാർമികമൂല്യങ്ങൾ സമൂഹത്തിന്റെ ഭദ്രത കാത്തു സൂക്ഷിക്കുന്നതിനും മനുഷ്യാവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രയത്നത്തിൽ സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള സഹകരണം സാദ്ധ്യമാക്കുന്നതിനും സഹായിക്കുകമാത്രമല്ല ചെയ്യുക. അവ മനുഷ്യന്റെ ശ്രേഷ്ഠത വർധിപ്പിക്കുകയും അവനിൽ മനുഷ്യഗുണമുണ്ടാക്കുകയും അങ്ങിനെ ഒരു ആത്മീയ ശക്തിയായി മാറുകയും കൂടി ചെയ്യുന്നു.

സമൂഹത്തിനു വികാസമുണ്ടാവുകയും ചരിത്രത്തിൽ പുതിയ കാലഘട്ടങ്ങൾ ആവിർഭവിക്കുകയും ചെയ്യുന്ന തോടുകൂടി ചില പഴയമൂല്യങ്ങൾ ഉപയോഗശൂന്യമായി പുറംതള്ളപ്പെടുകയും മറ്റു ചിലത് സമൂഹത്തിന്റെ പുതിയ ആവശ്യങ്ങൾക്ക് യോജിക്കത്തക്കവണ്ണം വ്യത്യാസങ്ങൾ വരുത്തി പുനർവ്യാഖ്യാനം ചെയ്ത് നവീകരിക്കപ്പെടുകയും ചെയ്യുന്നു. വൈരുദ്ധ്യങ്ങളിലും വിവിധ താൽപര്യങ്ങളുടെ സംഘട്ടനങ്ങളിലും കൂടി സാമൂഹ്യ വികാസം ഉണ്ടാവുമ്പോൾ ഓരോ വർഗവും തങ്ങൾക്കനുകൂലമായ വിധത്തിൽ പരമ്പരാഗതമായ മൂല്യങ്ങൾ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു എന്നത് സ്വാഭാവികം മാത്രമാണ്. യാഥാസ്ഥിതിക വർഗങ്ങൾ പഴയ ജീർണ്ണിച്ചുമരവിച്ച മൂല്യങ്ങളിൽ സനാതന ധർമ്മങ്ങളുടെ പേരുപറഞ്ഞ് കടിച്ചുതൂങ്ങിക്കൊണ്ടു അവരുടെ സങ്കുചിതമായ ഭൗതികതാൽപര്യങ്ങൾ പരിരക്ഷിക്കാൻ ശ്രമിക്കുന്നു മറുവശത്ത് പുരോഗമന ശക്തികൾ പരമ്പരാഗതമായ മൂല്യങ്ങൾ തങ്ങളുടെ താല്പര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനും സാമൂഹ്യപുരോഗതിക്കു വേണ്ടിയും ഉപയോഗിക്കുന്നു. ഭിന്നവർഗ്ഗങ്ങളുള്ള സമൂഹങ്ങളിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ട മനുഷ്യർ ധാർമ്മികമൂല്യങ്ങളെ വിവിധരീതിയിൽ സമീപിക്കുന്നു എന്ന വസ്തുത അനിഷേധ്യമാണ്. ഉദാഹരണത്തിനായി, മുതലാളിത്ത വ്യവസ്ഥിതിയിൽ, ഭൂവുടമസ്ഥാവകാശം, കരം, പലിശ, ലാഭം തുടങ്ങിയവ വസൂലാക്കുവാനുള്ള അവകാശം. തൊഴിലാളികളെ കൂലിക്കെടുക്കുവാനുള്ള അവകാശം, സ്വകാര്യസമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള അവകാശം മുതലായവ അലംഘ്യമായ മൂല്യങ്ങളായി മുതലാളി വർഗ്ഗത്തിന്റെ പ്രതിനിധികൾ കരുതുന്നു. തൊഴിലാളിവർഗ്ഗമാകട്ടെ, തങ്ങളുടെ മൂല്യങ്ങൾ മുന്നോട്ടുവയ്ക്കുകയും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയും മുതലാളിത്തവ്യവസ്ഥിതി അവസാനിപ്പിക്കാൻ വേണ്ടിയും പൊരുതുകയും മുതലാളിത്തവർഗ്ഗത്തെ നിശ്ചയദാർഢ്യത്തോടുകൂടി എതിർക്കുകയും ചെയ്യുന്നു. മനുഷ്യരാശി എന്നെന്നും അമൂല്യമായി കരുതിയിരുന്ന സർവാതിശായിയായ മാനുഷിക മൂല്യങ്ങൾ അപരിമിതമായി അനുഭവിക്കണമെങ്കിൽ എല്ലാ വർഗ്ഗ വൈരുദ്ധ്യങ്ങളെയും സാമൂഹ്യസംഘട്ടനങ്ങളെയും വിപാടനം ചെയ്തേ തീരൂ എന്ന് മാർക്സ് വിശ്വസിച്ചിരുന്നു.

സമ്പന്നവർഗ്ഗങ്ങളിൽപ്പെട്ട ആളുകൾക്ക് നല്ല മനുഷ്യരാകാൻ സാധിക്കില്ല എന്നോ തൊഴിലാളിവർഗ്ഗത്തിൽ ജനിച്ച ഒരാൾ അക്കാരണം കൊണ്ടുമാത്രം നല്ലവനായിരിക്കുമെന്നോ ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. ബുദ്ധൻ, ഗാന്ധി, ടാഗോർ, മാർക്സ്, ഏംഗൽസ് തുടങ്ങി മനുഷ്യസ്നേഹികളായ തത്വചിന്തകർ ഉയർന്നവർഗ്ഗത്തിലാണ് ജനിച്ചതെങ്കിലും മർദ്ദിതർക്കുവേണ്ടി നിലകൊള്ളുകയും അവർ പിറന്ന ഉന്നതവർഗ്ഗങ്ങളുടെ സങ്കുചിതമായ താൽപര്യങ്ങൾക്കെതിരെ പൊരുതുകയും ചെയ്തു.

സാമൂഹ്യജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ മനുഷ്യന് താനൊരു മനുഷ്യജീവിയാണെന്ന ആത്മബോധം ഉണ്ടായിരുന്നില്ല. അക്കാലത്തു മനുഷ്യൻ പ്രകൃതിയുമായി താദാത്മ്യത്തിൽ പ്രകൃതിയുടെ ഒരു ഭാഗമായി ജീവിച്ചു. മനുഷ്യന്റെ ആത്മബോധോദയത്തോടുകൂടിയാണ് മനുഷ്യചരിത്രം തുടങ്ങുന്നത്. മനുഷ്യൻ, തന്റെ ചേതന, സവിശേഷമായ മാനുഷികഗുണങ്ങൾ, സ്നേഹം, സഹാനുഭൂതി, യുക്തി, അറിവ്, പരസ്പരസഹായം തുടങ്ങിയ തന്റെ കഴിവുകളും, സർവോപരി മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സങ്കൽപവും വികസിപ്പിക്കുന്നതിന്റെ ഒരു പ്രക്രിയ ആണ് അത്. സാമൂഹ്യ യാഥാർത്ഥ്യത്തിൽ നിന്നും പ്രകൃതിയിൽ നിന്നും ഉള്ള ഒളിച്ചോട്ടമല്ല സ്വാതന്ത്ര്യം, നിസ്സംഗത്വത്തിൽ കൂടിയല്ല, പ്രകൃതിശക്തികൾക്കും പ്രപഞ്ചയാഥാർത്ഥ്യത്തിനുമെതിരെയുള്ള പ്രായോഗികസമരങ്ങളിൽ കൂടിയാണ് അതു നേടിയെടുക്കേണ്ടത്. പ്രകൃതിശക്തി കൾക്കെതിരെയുള്ള സമരത്തിൽ കൂടിയും യാഥാർത്ഥ്യത്തെ മാറ്റിമറിക്കുന്നതിലും കൂടിയാണ് മനുഷ്യൻ സ്വയം പരിവർത്തനം ചെയ്യുക.

പക്ഷേ, ഈ പ്രവർത്തനങ്ങൾക്കും പ്രയത്നങ്ങൾക്കും വിവിധ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തികഘടകങ്ങളും, സമൂഹത്തിന്റെ മേലുള്ള വർഗ്ഗമേധാവിത്തവും, തടസ്സം സൃഷ്ടിക്കുന്നു. ചൂഷണവും ഉദ്യോഗസ്ഥമേധാവിത്തവും, അഹംഭാവവും, വിരസവും യാന്ത്രികവുമായ അധ്വാനവും ധനത്തിനും അധികാരത്തിനും വേണ്ടിയുള്ള അത്യാഗ്രഹവും മനുഷ്യന്റെ മാനുഷികസത്തയെ ദരിദ്രമാക്കുകയും അടിമപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യപുരോഗതി മുരടിപ്പിക്കുകയും അടിമപ്പെടുത്തുകയും ചെയ്യുന്ന ഇത്തരം ഘടകങ്ങളിൽ നിന്നുള്ള മോചനമാണ് ഏറ്റവും മഹത്തായ മാനുഷികമൂല്യം.

മനുഷ്യൻ, തന്റെ പ്രവൃത്തികളും അനുഭവസമ്പത്തും വിജ്ഞാനവും ഉപയോഗിച്ചുകൊണ്ടു പ്രകൃതിയും സാമൂഹ്യവ്യവസ്ഥിതിയുടെ ഘടനയും സൃഷ്ടിക്കുന്ന അതിർത്തികൾ ഭേദിച്ച് മുന്നേറുന്നു. അനുസ്യൂതം തുടരുന്ന ആത്മസാക്ഷാത്കാരപ്രക്രിയയിൽ കൂടി മനുഷ്യന്റെ കഴിവുകൾ വളരുന്നു. സ്വാതന്ത്ര്യവും നിത്യമോചനവും നേടിയെടുക്കുന്നതിനും പൂർണ്ണതയ്ക്കും സാക്ഷാത്കാരത്തിനും വേണ്ടിയും ഉള്ള മനുഷ്യന്റെ അനന്തമായ അന്വേഷണമാണ് ചരിത്രം.

ഇപ്രകാരം നോക്കിയാൽ മനുഷ്യന് ക്ഷണിക ലക്ഷ്യങ്ങൾ മാത്രമല്ല അന്തിമലക്ഷ്യങ്ങളുമുണ്ട്. മനുഷ്യവ്യക്തിത്വത്തിന്റെ വികാസവും സ്വാതന്ത്ര്യവും സഫലീകരണവും ആത്മസാക്ഷാത്കാരവുമാണ് അന്തിമലക്ഷ്യം. മനുഷ്യനാണ് ലക്ഷ്യം, മറ്റുള്ളവയെല്ലാം ഉപാധികൾ മാത്രമാണ്. വസ്തുക്കളും സ്ഥാപനങ്ങളും മനുഷ്യന് ഉപകരിക്കുന്ന ഉപാധികൾ മാത്രമാണ്. അവ ലക്ഷ്യമാകുന്നില്ല. മാനവികവാദികളായ ചിന്തകരെ സംബന്ധിച്ചിടത്തോളം ഇതാണ് സാർവ്വജനീനമായ മൂല്യങ്ങളുടെ നിർണ്ണയത്തിന്റെ അടിസ്ഥാന തത്വം. "നഃമനുഷ്യാദ് ശ്രേഷ്ഠതരം ഹികിഞ്ചിത്" മനുഷ്യനേക്കാൾ മഹത്തായി ഒന്നുമില്ല. സ്വയം കണ്ടെത്തുക എന്നതും മനുഷ്യജീവിതത്തിന്റെ അന്തിമലക്ഷ്യവും അർത്ഥവും ബ്രാഹ്മണ എന്നു അവർ നാമകരണം ചെയ്ത പ്രപഞ്ചത്തിന്റെ കേവലസത്തയുമായി താദാത്മ്യം പ്രാപിക്കുന്നതിൽ കൂടി ആത്മസാക്ഷാത്കാരം നേടുക എന്നതാണ് എന്നു ഉപനിഷത്തുക്കളുടെ കർത്താക്കളായ ചിന്തകർ കരുതി, ഗാന്ധിജിയാണെങ്കിൽ അതു സത്യമാണെന്നു വിശ്വസിച്ചു. മാർക്സിനാവട്ടെ അതു സ്വാതന്ത്ര്യത്തിന്റെ മേഖലയിലെ ആത്മസാക്ഷാത്കരണമായിരുന്നു.

ഉപനിഷത്തുക്കളിലെ "ബ്രാഹ്മണ" എന്ന പൊതുസങ്കൽപം അനന്തവും അതിരറ്റതുമായ മനുഷ്യരാശിയുടെ ഏകീകരണത്തിനും ഇണക്കത്തിനും വേണ്ടിയുള്ള മനുഷ്യന്റെ അഭിലാഷത്തെ ആണ് പ്രകടിപ്പിക്കുന്നത്. പക്ഷെ, മനുഷ്യന്റെ ഐക്യത്തിനും ചേർച്ചയ്ക്കും വേണ്ടിയുള്ള ഈ മഹത്തായ സ്വപ്നം അന്ന് പ്രയോഗത്തിൽ കൊണ്ടുവന്നില്ല. പകരം "വർണ്ണാശ്രമ" ത്തിലധിഷ്ഠിതമായ സാമൂഹ്യവിഭജനത്തെ അടിസ്ഥാനമാക്കിയാണ് മനുഷ്യരുടെ ദൈനംദിന ജീവിതവും പ്രവർത്തികളും ചിട്ടപ്പെടുത്തിയത്. ഈ സമൂഹത്തിലെ ഐക്യവും ഇണക്കവും ശൂദ്രരെയും വിവിധ പ്രാകൃതഗോത്രക്കാരെയും ഉൾക്കൊള്ളാത്ത ഒന്നായിരുന്നു. സമൂഹത്തിനു പുറത്തുനിന്നുകൊണ്ട് കഠിനാദ്ധ്വാനം ചെയ്യാനും ദുരിതമനുഭവിക്കാനും വിധിക്കപ്പെട്ടവരായിരുന്നു ഈ വിഭാഗങ്ങൾ; തത്വശാസ്ത്രപരമായ ദർശനങ്ങളിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യാസം ഇല്ലായിരുന്നെങ്കിലും പ്രായോഗിക ജീവിതത്തിൽ കർശനമായ വ്യത്യാസങ്ങളും വിഭജനങ്ങളും നിലനിന്നിരുന്നു. ഇതിനു കാരണം സ്വകാര്യ സ്വത്തിന്റെയും വർഗ്ഗവ്യത്യാസങ്ങളുടെയും ആവിർഭാവം സമൂഹത്തിന്റെ ലക്ഷ്യത്തെ വികലവും സങ്കുചിതവും ആക്കിത്തീർത്തു എന്നതാണ്. സമൂഹം പുരോഗമിക്കുംതോറും മനുഷ്യരാശിയുടെ ഗണപരമായ ഐക്യം തകർക്കുന്നവിധത്തിൽ സാമൂഹ്യ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും മൂർച്ഛിച്ചു. മനുഷ്യനെ വെറും മാർഗ്ഗം മാത്രമായിട്ടും വസ്തുക്കളും, സംഘടനകളും സ്ഥാപനങ്ങളും ലക്ഷ്യമായിട്ടും കരുതപ്പെടാൻ തുടങ്ങി. ഈ വികലമായ വീക്ഷണം മുതലാളിത്ത വ്യവസ്ഥിതിയിൽ പരമകോടിയിലെത്തി ചരക്കുകൾ ധനം, ലാഭം മുതലായവ മനുഷ്യനെ കീഴ്പ്പെടുത്തുന്ന ലക്ഷ്യങ്ങളായി മാറി. മുതലാളിത്ത വ്യവസ്ഥിതിയിൽ മനുഷ്യനല്ല ലക്ഷ്യം ഉൽപാദനം, ലാഭം, ധനം, അധികാരം തുടങ്ങിയവയാണ് ലക്ഷ്യം. മനുഷ്യൻ അതു നേടിയെടുക്കാനുള്ള മാർഗ്ഗം മാത്രം.

ഈ പരിതഃസ്ഥിതികളെ മാറ്റാനുള്ള യുക്തമായ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയാത്ത പല ചിന്തകരും, മതനേതാക്കന്മാരും സ്വന്തം ആത്മാവിന്റെ അകക്കാമ്പിലേക്കു തിരിയുകയും ബാഹ്യപ്രകൃതിയോടും സമൂഹത്തോടും ബന്ധപ്പെടുത്താതെ സ്വന്തം ആന്തരിക സ്വഭാവത്തെ മാറ്റാൻ ശ്രമിക്കുകയും ചെയ്തു.

എന്നാൽ മനുഷ്യവ്യക്തിത്വത്തിന്റെ വികസനത്തെ സാമൂഹ്യസാഹചര്യം മാറ്റാനുള്ള മനുഷ്യന്റെ പ്രവർത്തനങ്ങളിൽ നിന്ന് വേർപെടുത്താൻ സാധ്യമല്ല എന്ന് ഗാന്ധിജിയും മാർക്സും പോലുള്ള മറ്റു ചിലർ വിശ്വസിച്ചു. ഒരു വ്യക്തിയുടെ സ്വതന്ത്രമായ വികാസം ആ സമൂഹത്തിലെ മറ്റെല്ലാ വ്യക്തികളുടെയും സ്വതന്ത്രമായ വികാസത്തിനുള്ള ഉപാധിയായിത്തീരുന്നതിനു അനുയോജ്യമായ ഒരു സംവിധാനം സൃഷ്ടിക്കുക എന്നതായിരുന്നു മാർക്സിനെ സംബന്ധിച്ചിടത്തോളം അന്തിമലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റണമെങ്കിൽ മനുഷ്യനെ തരം താഴ്ത്തുകയും, അടിമപ്പെടുത്തുകയും അവഗണിക്കുകയും, അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെ മാറ്റിമറിക്കണം. അതുകൊണ്ട്, മാർക്സിനെ സംബന്ധിച്ചിടത്തോളം മുതലാളിത്ത വ്യവസ്ഥിതിയുടെ നാശവും ഒരു സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സ്ഥാപനവുമാണ് മനുഷ്യസ്വാതന്ത്ര്യം നേടിയെടുക്കാനുള്ള മുൻഉപാധിയും മാർഗവും.

ഗാന്ധിജിക്ക് സത്യമായിരുന്നു ലക്ഷ്യം. "പൂർണ്ണമായി സത്യത്തെ കണ്ടെത്തുക എന്നു വച്ചാൽ സ്വന്തം വ്യക്തിത്വം കണ്ടെത്തി ആത്മസാക്ഷാത്കാരം പ്രാപിക്കുക എന്നുവച്ചാൽ പൂർണ്ണമാകുക എന്നതിനു തുല്യമാണ്" (തെണ്ടുൽക്കർ, 'മഹാത്മ' രണ്ടാം വാല്യം പേജ് 98) ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യമെന്നാൽ ഭൗതികാനുഭവസിദ്ധമായ സത്യമല്ല. കേവലമായ സത്യമാണ്. അദ്ദേഹം ഇങ്ങിനെ എഴുതുന്നു "പരമമായ സത്യത്തെ കണ്ടെത്താത്തിടത്തോളം കാലം ഞാൻ സങ്കൽപിക്കുന്ന രീതിയിലുള്ള ആപേക്ഷികമായ സത്യത്തെ മുറുകെ പിടിക്കേണ്ടിവരും. അതുവരേക്കും ആപേക്ഷിക സത്യമാണെന്റെ അറിവും, കവചവും, കൊളുത്തും". (ആത്മകഥ).

വേറൊരർത്ഥത്തിൽ പറഞ്ഞാൽ ആപേക്ഷിക സത്യങ്ങൾ പരമമായ സത്യത്തിലേക്കുള്ള ഉപാധികളായി കരുതപ്പെടുന്നു. ഈ ധാരണയോടുകൂടി അദ്ദേഹം ആപേക്ഷിക സത്യങ്ങളുടെ സാധുത പരിശോധിക്കാനുള്ള പ്രായോഗിക പരീക്ഷണങ്ങളിലേർപ്പെട്ടു.

ഈ പരീക്ഷണങ്ങളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ അപൂർണതകളും, വ്യർത്ഥതകളും, പരിമിതികളും, തെറ്റുകളും, ഹിമാലയൻ വിഡ്ഢിത്തങ്ങൾപോലും ഉൾപ്പെട്ടു. പക്ഷേ, മെച്ചപ്പെടുത്തലും, തെറ്റുതിരുത്തലും വഴി കഴിയുന്നത്ര കൂടുതൽ പ്രയോജനകരവും പൂർണ്ണവും ആക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾക്കും അവ അവസരം നൽകി. മാർഗ്ഗങ്ങൾ ഉചിതവും പ്രയോജനകരവുമാണെങ്കിലല്ലേ ലക്ഷ്യം പ്രാപിക്കാൻ സാധിക്കൂ? അല്ലെങ്കിൽ അത് മാർഗ്ഗമാകുകയില്ല.

സത്യാന്വേഷണ പരീക്ഷണങ്ങൾ ധർമ്മശാസ്ത്രത്തിന്റെ മേഖലയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടപ്പോൾ അഹിംസയും സ്നേഹവുമായി മാറി. സത്യഗ്രഹം അവ നേടിയെടുക്കാനുള്ള സങ്കേതവുമായിത്തീർന്നു.

അദ്ദേഹം ഇങ്ങനെ പറയുന്നു:

> "അഹിംസയാണ് മാർഗ്ഗം; സത്യമാണ് ലക്ഷ്യം. യഥാർത്ഥത്തിൽ മാർഗ്ഗമാവണമെങ്കിൽ അതു നമ്മുടെ കയ്യെത്തുന്നതായിരിക്കണം. അതുകൊണ്ട് അഹിംസയാണ് നമ്മുടെ പരമമായ കടമ" (യെരവാദാ മന്ദിരത്തിൽ നിന്ന്: ആശ്രമനിരീക്ഷണങ്ങൾ പേജ് 18).

പക്ഷേ, എന്താണ് അഹിംസ?

> "പലപ്പോഴും ചിത്രീകരിക്കപ്പെടുന്നതുപോലെ ഒരു പ്രാകൃതമായ സംഗതിയല്ല അഹിംസ. ജീവജാലങ്ങളെ ഉപദ്രവിക്കാതിരിക്കുക എന്നത് അഹിംസയുടെ ഒരു ഭാഗമാണ് എന്നതു ശരിതന്നെ. പക്ഷേ, അത് അഹിംസയുടെ ഏറ്റവും കുറഞ്ഞ ഭാഗത്തെ മാത്രമേ പ്രകടിപ്പിക്കുന്നുള്ളൂ. എല്ലാ ദുഷ്ടവിചാരങ്ങളും, ആവശ്യമില്ലാത്ത തിടുക്കവും, നുണപറയുന്നതും, വിദ്വേഷവും, ആർക്കെങ്കിലും തിന്മ വരണമെന്ന ആഗ്രഹവും അഹിംസയെന്ന സങ്കൽപത്തെ വ്രണപ്പെടുത്തുന്നു".

ഇതിലൊക്കെ കവിഞ്ഞ ഒന്നാണ് അഹിംസകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഗാന്ധിയെ സംബന്ധിച്ചിടത്തോളം, അഹിംസയെന്നാൽ മനുഷ്യസ്നേഹമാണ്. ഗാന്ധിജി തന്നെ ഇങ്ങനെ എഴുതി.

> "അഹിംസയുടെ സജീവാവസ്ഥയാണു സ്നേഹം" തെറ്റു ചെയ്യുന്നയാളെ ചെറുക്കുമെന്നു അത് അനുശാസിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ അയാൾക്കു വിരോധം തോന്നുമെങ്കിലും, അയാളുടെമേൽ ഒരു പക്ഷേ ശാരീരികമായ മുറിവേൽപ്പിക്കേണ്ടിവന്നാലും, അയാളുടെ പ്രവർത്തിയുമായി വേർപെട്ടു നിൽക്കണം".

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ

1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു

### വെബ് പതിപ്പു കണ്ണികൾ

1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014